# പതിമൂന്നാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6045 07.07.2014-ൽ മറുപടിക്ക്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

**ചോദ്യം**

ശ്രീ. എ.കെ. ബാലൻ

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ എത്ര സ്ഥാപനങ്ങൾ പൂർത്തിയായിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(ബി) ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;

**മറുപടി**

ഡോ.എം.കെ.മുനീർ
(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

(എ) യും (ബി) യും

പൂർണ്ണമായ തോതിൽ പൂർത്തിയായിട്ടില്ല. 30.06.2014 വരെ 421 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം പൂർത്തിയാക്കി ഡി.പി.സി.യുടെ അംഗീകാരം നേടിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 19 |
| കൊല്ലം | 35 |
| പത്തനംതിട്ട | 3 |
| ആലപ്പുഴ | 20 |
| കോട്ടയം | 50 |
| എറണാകുളം | 83 |
| തൃശ്ശൂർ | 40 |
| പാലക്കാട് | 13 |
| മലപ്പുറം | 60 |
| കോഴിക്കോട് | 47 |
| കണ്ണൂർ | 36 |
| കാസർഗോഡ് | 15 |

പദ്ധതി പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി ആവശ്യമായ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും സമയാസമയങ്ങളിൽ നൽകുന്നുണ്ട്. ലോക്സഭ പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃകാ പെരുമാറ്റചട്ടങ്ങൾ നിലവിലുണ്ടായിരുന്നതിനാൽ ഭരണസമിതി തീരുമാനം കൈക്കൊള്ളുന്നതിനും ആസൂത്രണ സമിതി കൂടുന്നതിനും തടസ്സം നേരിട്ടിരുന്നത് പദ്ധതി രൂപീകരണ പ്രക്രിയയ്ക്ക് നേരിയ തടസ്സം സൃഷ്ടിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | പദ്ധതികൾ തയ്യാറാക്കുന്നതിന് നൽകിയ മാർഗ്ഗനിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി തയ്യാറാക്കുന്നതിന് പുറപ്പെടുവിച്ചിരുന്ന മാർഗ്ഗരേഖ 16.11.2013-ൽ സ.ഉ.(എം.എസ്) 362/2013/തസ്വഭവ നമ്പരായി പുതുക്കി പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

**സെക്ഷൻ ഓഫീസർ**